No.DWCD/684/2023-E7

വനിതാ ശിശുവികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം
തീയതി :17-11-2025
Email -directorate.wcd@kerala.gov.in
Phone : 0471 – 2346534

വനിതാ-ശിശു
വികസന വകുപ്പ്

## സർക്കുലർ

വിഷയം: വനിതാ ശിശുവികസന വകുപ്പ്-ജീവനക്കാര്യം-ക്ഷേമസ്ഥാപനങ്ങളിലെ താൽക്കാലിക നിയമനങ്ങൾ-മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന: 1) വനിതാ ശിശുവികസന ഡയറക്ടറുടെ 18/08/2022 തീയതിയിലെ DWCD/2705/2022-E7
2) വനിതാ ശിശുവികസന ഡയറക്ടറുടെ 09/01/2024 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്
3) സ.ഉ(അച്ചടി) നം.54/2025/ധന തീയതി:19/04/2025

വനിതാ ശിശുവികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ക്ഷേമസ്ഥാപനങ്ങളിലെ കെയർടേക്കർ(മെയിൽ/ഫീമെയിൽ),മേട്രൺ ഗ്രേഡ് 1 ആയ,വാച്ച് മാൻ,വാച്ച് വുമൺ,കുക്ക് തസ്തികയിലെ ജീവനക്കാർ കോമ്പൻസേഷൻ ഓഫ്/വീക്കിലി ഓഫ്/ മറ്റ് അവധികളിൽ പ്രവേശിക്കുമ്പോൾ സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തിന് തടസ്സം വരാതിരിക്കുവാൻ ടി തസ്തികളിലേയ്ക്ക് കേഡർ സ്ട്രങ്ത് അധികരിക്കാതെ ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നതിന് സൂചന (2) പ്രകാരം അനുമതി നൽകിയിരുന്നു.എന്നാൽ ചില സ്ഥാപനങ്ങളിൽ കേഡർ സ്ട്രങ്ത് അധികരിച്ച് താൽക്കാലിക നിയമനം നൽകി വരുന്നതായും വ്യത്യസ്ത നിരക്കിൽ വേതനം അനുവദിക്കുന്നതായും വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ ക്ഷേമസ്ഥാപനങ്ങളിലെ മേൽ സൂചിപ്പിച്ച തസ്തികകളിൽ താൽക്കാലിക നിയമനം നൽകുന്നതിന് ചുവടെ ചേർക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

**1)** ക്ഷേമസ്ഥാപനങ്ങളിലെ കെയർടേക്കർ(മെയിൽ/ഫീമെയിൽ),മേട്രൺ ഗ്രേഡ് 1, ആയ,വാച്ച് മാൻ,വാച്ച് വുമൺ,കുക്ക് തസ്തികയിലെ ജീവനക്കാർ കോമ്പൻസേഷൻ ഓഫ്/വീക്കിലി ഓഫ്/ മറ്റ് അവധികളിൽ പ്രവേശിക്കുന്നത് മുഖേന ഉണ്ടാകുന്ന ഒഴിവുകളിലേയ്ക്ക് മാത്രമേ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നൽകുവാൻ പാടുള്ളു.

**2)** താൽക്കാലിക നിയമനം സ്ഥാപനത്തിന് അനുവദിച്ചിട്ടുള്ള കേഡർ സ്ട്രങ്തിനനുസൃതമായിരിക്കണം. കേഡർ സ്ട്രങ്ത് അധികരിച്ച് നിയമനം നടത്തുന്നില്ല എന്ന് സ്ഥാപന മേധാവിമാർ ഉറപ്പുവരുത്തേണ്ടതാണ്.

**3)** ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നവേളയിൽ ആരുടെ അവധി/ഒഴിവിലേയ്ക്കാണ് നിയമനം നൽകിയിട്ടുള്ളതെന്ന് ഹാജർ പുസ്തകത്തിൽ പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്.

**4)** ജീവനക്കാർ ദീർഘ കാലയളവിലേയ്ക്ക് ശൂന്യവേതനാവധി/ഡെപ്യൂട്ടേഷൻ പ്രവേശിക്കുന്നത്

മുഖേന ഉണ്ടാകുന്ന ഒഴിവുകളിലേയ്ക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നൽകുവാൻ പാടുള്ളതല്ല.പ്രസ്തുത തസ്തികകളിൽ പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത പക്ഷം പി.എസ്.സി മുഖേന ലഭ്യമാകുന്ന Non availability certificate അടിസ്ഥാനത്തിൽ 179 ദിവസത്തേയ്ക്കോ പി.എസ്.സി ശുപാർശ ചെയ്യുന്ന ഉദ്യോഗാർത്ഥി സർവ്വീസിൽ പ്രവേശിക്കുന്നതുവരെയോ മാത്രം താൽക്കാലിക നിയമനം നടത്താവുന്നതാണ്.ഇപ്രകാരമുള്ള നിയമനങ്ങൾ സൂചന (1) സർക്കുലറിലെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടായിരിക്കണം നടത്തേണ്ടത്.

5) സൂചന (3) പ്രകാരമുള്ള സർക്കാർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നിരക്കിൽ മാത്രം താൽക്കാലിക ജീവനക്കാർക്ക് വേതനം അനുവദിക്കേണ്ടതാണ്.

6) ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുമ്പോൾ, സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തിന് യോജിക്കുംവിധം അടിയന്തര ഘട്ടങ്ങളിൽ വിളിച്ചാൽ ഡ്യൂട്ടിയ്ക്ക് സന്നദ്ധരായിട്ടുള്ളവരേയും അതത് ജില്ലകളിലുള്ളവരേയും നിയമിക്കുന്നതിന് പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്.

Signed by
Haritha V Kumar
Date: 20-11-2025 11:02:44
വനിതാ ശിശുവികസന ഡയറക്ടർ

എല്ലാ ക്ഷേമസ്ഥാപന സൂപ്രണ്ടുമാർക്കും

പകർപ്പ്-1) എല്ലാ ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്കും

2) സ്റ്റോക്ക് ഫയൽ/സ്പെയർ